
വാല്യം 23 - ജനുവരി 2017

# അഗപെ കയ്യെഴുത്തു മാസിക



## ഫീച്ചർ

കവിത - സി .റ്റി സ്റ്റഡ്

ലേഖനം - സാജു ജോൺ മാത്യു

follow us:

+971 50 3243161 agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com

# അകാരാദി


മുഖവുര 03

ഒന്നേയുള്ളു ജീവിതം 06
മെനയുക നന്നായി ശീഘ്രം
- സി.റ്റി. സ്റ്റഡ്

സക്കായിയുടെ മാനസാന്തരം 09
( യഥാർത്ഥമായ മാനസാന്തരം )
- ഷിബു ഡാനിയേൽ

നിങ്ങൾ പ്രാണനെ സ്നേഹിക്കരുത് 14
- ബ്രദർ :സാജു ജോൺ മാത്യു

തിരിഞ്ഞുനോട്ടം 18
- ബെന്നി ജോർജ് മണലി

രണ്ടാമത് ആര് ? 19
- ഷിബു ഡാനിയേൽ

പഴയപാട്ടുകൾ 24
- കൊച്ചുകുഞ്ഞു ഉപദേശി

ചോദ്യാവലി 26

# മുഖവുര

'കാലം എല്ലാം കഴിയും
ഇന്നു കാൺമതെല്ലാം അഴിയും.
പിന്നെ പുതുയുഗം വിരിയും
തിരികെ വരാതെ നാം
നിത്യതയിൽ മറയും'

'കാലം എല്ലാം കഴിയും
ഈ കണ്ണീരെല്ലാം അലിയും,
പിന്നെ പുതുയുഗം വിരിയും
തിരികെ വരാതെ നാം
നിത്യതയിൽ മറയും'

വളരെ പ്രതീക്ഷയുടെ ഒരു പുതിയ വർഷം കൂടി കാണുവാൻ നമുക്ക് ദൈവം അവസരം നല്കി. എന്നാൽ നാം എണ്ണിക്കൊണ്ടിരിക്കുന്ന വർഷങ്ങളുടെ കണക്കുകൾ എല്ലാം അവസാനിക്കുകയും പുതിയ പ്രതീക്ഷയുടെ, യേശു എന്ന നിത്യ മണവാളനോട് കൂടി പുതിയ ഒരു യുഗത്തിലേക്ക് പ്രവേശിക്കുകയും നിത്യതയിൽ അവനോട് കൂടെ എന്നേക്കും വാഴുവാൻ അവസരം സംജാതമാകുവാൻ ദിവസങ്ങൾ വിദൂരമല്ല.


കുറവുകൾ പരിഹരിച്ച്, പാപത്തോട് അകന്നു മാറുന്ന, വചന ധ്യാനത്തിന് പ്രാധാന്യം കൊടുക്കുന്ന അച്ചടക്കമുള്ള ഒരു ക്രിസ്തീയ ജീവിതം ഈ പുതിയ വർഷം നമുക്ക് ആരംഭിക്കാം,... തുടരാം...

വിമർശനങ്ങളും, വിലയിരുത്തലുകളും നല്ലതു തന്നെയാണ്. ഇതിനിടയിൽ എപ്പോഴോ നമ്മുടെ മനസ്സിലേക്ക് കൈപ്പിന്റെ അംശം വേരുപിടിച്ച് നമ്മുടെ നാശത്തിനു ഇടവരരുത്. ഇതിൽ നാം വളരെ ശ്രദ്ധാലുക്കളായിരിക്കണം. പത്തു കന്യകമാരുടെ കഥയിലെ സ്വാർത്ഥർ എന്ന് നമുക്ക് തോന്നുന്ന അഞ്ചു കന്യകമാർ, അവരുടെ കൈവശം വച്ചിരുന്ന നിർമ്മലത, ജീവിത വിശുദ്ധി, മണവാളനോടുള്ള പ്രതിബദ്ധത... വർഷങ്ങളായി പരിശ്രമത്തിന്റെ സഹായത്താൽ നാം നേടിയെടുത്തത് വിട്ടുകളയരുത്, കടം കൊടുക്കരുത്.

കാഹളം ധ്വനിക്കുമ്പോൾ വേറെ ആരുമില്ലെങ്കിലും എനിക്കു പോകണമെന്നുള്ള സ്വാർത്ഥത... —

എന്റെ ആത്മമണവാളനെ ഞാൻ ആർക്കും വിട്ടുകൊടു-
ക്കില്ല, അവനെ ഞാൻ നിങ്ങൾക്കു പരിചയപ്പെടുത്തുക
മാത്രമേയുള്ളൂ എന്നുള്ള സ്വാർത്ഥത...
നിങ്ങൾക്കും അവനെ രക്ഷകനായും, മണവാളനായും...
ഏറ്റവും നല്ലവനാണെന്നു ഞാൻ രുചിച്ചറിഞ്ഞതാണ്...
അവന്റെ സാമീപ്യം ഒഴിച്ച്
മറ്റൊന്നും ആഗ്രഹിക്കാത്ത ഒരു പുതുവർഷം നമുക്കു
ഒരുമിച്ചു ദൈവത്തിനു വേണ്ടി പ്രയോജനപ്പെടാം.
മോഹങ്ങൾ ഇല്ലാത്ത, ഉള്ളതു കൊണ്ടു തൃപ്തി-
പ്പെടുന്ന, ഉൾക്കണ്ണ് ഉടച്ചോന്ന ഹൃദയങ്ങളിൽ മറിയയെന്നു
വയ്ക്കുന്ന, അലംഭാവത്തോടുകൂടിയ ദൈവഭക്തി അതിനെ
നമുക്കു വലിയ ആദായം ആക്കാം... ഇത് നമുക്കു ഒന്നു
അഭ്യസിക്കാം ഈ വർഷം.

അതെ, "കാലം എല്ലാം കഴിയും,
ഇന്നു കാൺമതെല്ലാം അഴിയും,
പിന്നെ പുതുയുഗം വിരിയും,
തിരികെ വരാതെ നാം നിത്യതയിൽ മറയും"...



സി .റ്റി .സ്റ്റഡ്

# ഒന്നേയുള്ളു ജീവിതം
# മെനയുക നന്നായി ശീഘ്രം



ഒരിക്കൽ ഞാൻ കേട്ടു രണ്ടു ചെറുവരികൾ,
ക്ഷണികമാം ജീവിതത്തിൻ ഏകാന്തയാത്രയിലലയുമ്പോൾ;
ദൃഢവിശ്വാസം വരുത്തി എൻ ഹൃദയത്തിൽ,
മാറുന്നില്ല എൻ ഹൃദയത്തിൽ നിന്നു ഞാൻ
ഒന്നേയുള്ളൂ ജീവിതം മറയുക നന്നായി ശീഘ്രം
ക്രിസ്തുവിനായ് ചെയ്തത് എന്താണോ അതത്രേ ബാക്കി.

ഒന്നേയുള്ളൂ ജീവിതം, അതേ ഒന്നേ ഒന്ന് മാത്രം
ശ്രമിക്കൂ ക്ഷണികമാം മണിക്കൂറുകളിൽ.
കർത്തനെ കണ്ടുമുട്ടുന്ന ആ നാളിനായി.
ന്യായാസനത്തിൻ മുൻ നിൽക്കുന്ന നാളിനായി.
ഒന്നേയുള്ളൂ ജീവിതം മറയുക നന്നായി ശീഘ്രം.
ക്രിസ്തുവിനായി ചെയ്തത് മാത്രം ബാക്കിയാകും.

ഒന്നേയുള്ളൂ ജീവിതം ചെറുജന്മവും നിശ്ചലമാകും
സന്നദ്ധമായിരിക്കുക നൽതിരഞ്ഞെടുപ്പുമായി.
സ്വാർത്ഥമാം ലക്ഷ്യത്തിനായി വിലപറയാതെ

ഒന്നേയുള്ളൂ ജീവിതം മറയുക നന്നായി ശീഘ്രം
ബാക്കിയാകും ക്രിസ്തുവിനായ് ചെയ്തത് മാത്രം.

ഒന്നേയുള്ളൂ ജീവിതം ഹ്രസ്വമാം ജീവിതചക്രത്തിൽ
ദിനങ്ങൾ ഓരോന്നും
പൂർത്തീകരിക്കുക ക്ലേശത്തോടെ ഓരോന്നും.
ഒന്നേയുള്ളൂ ജീവിതം മറയുക നന്നായി ശീഘ്രം
ബാക്കിയാകും ക്രിസ്തുവിനായ് ചെയ്തത് മാത്രം.

വശീകരിക്കുന്നു വിപത്തിനായി ലോകത്തിൻ വെളിച്ചം
ആകുന്നു ചിന്തകൾ സ്വാതന്ത്ര്യ വിജയത്തിനായ്
തിരഞ്ഞിട്ടും സ്വാർത്ഥത തൻ വഴി മാത്രം
കർത്തനെ കനിയൂ സന്തോഷത്തോടു നിൽക്കാൻ
ഒന്നേയുള്ളൂ ജീവിതം മെനയുക നന്നായി ശീലം
ബാക്കിയാകും ക്രിസ്തുവിനായ് ചെയ്തത് മാത്രം.

താതനെ നൽകുക ആഴമാം ധൈര്യം
സൂക്ഷിപ്പാൻ സന്തോഷ സന്താപത്തിലും
പോരാടുവാനായി സത്യമായുള്ള വിശ്വാസത്തിനായി
പ്രസാദിപ്പിക്കുവാനങ്ങയെ അനുദിനം ജീവിതത്തിൽ
ഒന്നേയുള്ളൂ ജീവിതം മെനയുക നന്നായി ശീലം
ബാക്കിയാകും ക്രിസ്തുവിനായ് ചെയ്തത് മാത്രം.

തീക്ഷ്ണമായ് കത്തുവാൻ എന്നിലെ സ്നേഹം
തിരിയുവാൻ ലോകത്തിൽ നിന്നുമിപ്പോൾ
ജീവിക്കാൻ അങ്ങേക്കായി മാത്രം, അങ്ങേക്കായി മാത്രം
വരുന്നിതാ അങ്ങേ പാദത്തിൽ ആത്മവേദനയുമായ്.
ഒന്നേയുള്ളൂ ജീവിതം മെനയുക നന്നായി ശീലം
ബാക്കിയാകും ക്രിസ്തുവിനായ് ചെയ്തത് മാത്രം.


ഒരേ ഒരു ജീവിതം ഒന്നേ ഒന്ന്,
അതിൻ ചരിതം ഞാൻ ചെയ്തത് ചൊല്ലുവാൻ
നന്നായി കേൾക്കുവാൻ ഞാൻ അവസാന വിധിയും
ചൊല്ലുവാൻ ഞാൻ ശ്രേഷ്ഠവാം
ഒന്നേയുള്ളൂ ജീവിതം മെനയുക നന്നായി ശീലം
ബാക്കിയാകും ക്രിസ്തുവിനായി ചെയ്തത് മാത്രം.
ഒന്നേയുള്ളൂ, മെനയുക നന്നായി ശീലം
ബാക്കിയാകും ക്രിസ്തുവിനായി ചെയ്തത് മാത്രം
നിത്യമാം സന്തോഷം ഞാൻ മരിക്കുമ്പോൾ
ചുറ്റോക്ക് ഒഴുകട്ടെ എന്നിലെ നിൻ വെളിച്ചം.

**ലേഖനം**

ഷിബു ഡാനിയേൽ

# സക്കായിയുടെ മാനസാന്തരം

# ( യഥാർത്ഥമായ മാനസാന്തരം )



agape

വായനാഭാഗം: ലൂക്കോസ് 19:1-10.

അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ [യേശുവിനെ] കൈക്കൊണ്ടു. [വാ. 6]

'സക്കായി'! മനസ്സിൽ നിന്നും മായാത്ത വളർച്ചയിൽ കുറുകിയ മനുഷ്യൻ. സൺഡേസ്കൂൾ പഠിക്കുന്ന കാലം മുതൽ കയറി കൂടിയതാണ് മനസ്സിൽ. അന്നുമുതൽ മനസ്സിൽ കിടന്നു വളർന്നു ഇപ്പോൾ, യേശുവിനെ കാണുവാനായി താൻ കയറിയ കാട്ടത്തിയേക്കാൾ എത്രയോ വലിപ്പമായി കഴിഞ്ഞിരിക്കുന്നു. എന്റെ ഉള്ളിൽ മാത്രമല്ല വിശുദ്ധ വചനം വായിച്ചറിഞ്ഞ ഓരോരുത്തരുടെയും ഉള്ളിൽ.

ചതിവും വഞ്ചനയും, കൈയ്യിട്ടുവാരുന്നവൻ 'കാര്യക്കാരൻ' എന്നുള്ള ചട്ടങ്ങളും നിലവിൽ ഉള്ള കാലത്ത്, നാടു ഓടുമ്പോൾ നടുവേ ഓടുകയാണ് ചുങ്കം പിരിവുകാരുടെ പ്രമാണിയായ സക്കായിയും. സമൂഹത്തിൽ പ്രമാണിയും ധനവാനും ആയിരിക്കുമ്പോൾ തന്നെ മറ്റുള്ളവരുടെ കണ്ണിൽ പാപിയായിരുന്നു താൻ. കല്പിച്ചിരുന്നതിലും അധികം ചുങ്കം പിരിച്ചിരുന്നു. ചതിച്ചും വഞ്ചിച്ചും അനേകം സമ്പാദിച്ചിരുന്നു സക്കായി.



മൂന്നര വർഷമായി കേൾക്കുവാൻ തുടങ്ങിയതാണ് യേശുവിനെ കുറിച്ചുള്ള ശ്രുതി. അവന്റെ അത്ഭുത പ്രവൃത്തികളും, പാപമോചനവും, പഠിപ്പിക്കലുകളും എല്ലാം. എന്നാൽ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിൽ ഒന്നു കാണുവാൻ സാധിച്ചിട്ടില്ല. ഇന്നിതാ ഒരു അവസരം ഇതാ കിട്ടിയിരിക്കുന്നു. പുരുഷാരത്തിന്റെ തിരക്കും, തന്റെ പൊക്കമില്ലായ്മയും യേശുവിനെ കാണുവാനുള്ള അവന്റെ ആവശ്യബോധത്തെ തെല്ലും തളർത്തിയില്ല. മുമ്പെ ഓടി കാട്ടത്തിമേൽ വലിഞ്ഞു കയറുമ്പോൾ ധനവാനും പ്രമാണിയും ആണെന്നുള്ള ചിന്ത ലേശവും അവന്റെ ഉള്ളിൽ കടന്നില്ല. ഒരു പക്ഷെ രക്ഷപ്പെടുവാനുള്ള

/യേശുവിനെ കണ്ടുമുട്ടുവാനുള്ള അവസാനത്തെ അവസരത്തെ അന്വേഷിക്കുന്ന വിധത്തിലായിരുന്നു സക്കായിയുടെ ഹൃദയത്തിലുള്ള ചലനങ്ങൾ. ഹൃദയങ്ങളെ, ആവശ്യബോധത്തെ തിട്ടമായി അറിയുന്ന യേശു അവനെ വിളിച്ചിറക്കി. കൂടെ പാർക്കുവാൻ പോയി.

ഞാൻ നീതിമാൻമാരെയല്ല, പാപികളെയത്രേ തേടിവന്നുവെന്നുള്ള പലവട്ടം ആവർത്തിച്ച വചനത്തെ മറന്ന പരീശന്മാരിൽ 'പാപികളോടുകൂടെ പാർക്കുവാൻ പോയവൻ' എന്നു പറഞ്ഞ് ~~യേശുവിനെ~~ യേശുവിനു നേരെ മുഖം ചുളിച്ചു.

ദൈവം വിശ്വസിക്കുവാനായി കണ്ടെത്തിയവരെ നാമും പലപ്പോഴും പാപികൾ എന്നു മുദ്രകുത്താറില്ലേ.? സക്കായി, നമ്മുടെ കർത്താവു മുഖാന്തിരം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടു. ദൈവത്തോടുള്ള സമാധാനം പ്രാപിച്ചു. [റോമർ 5:1] 'കാണപ്പെടുന്നതിന്റെയും കാണപ്പെടാത്തതിന്റെയും' സൃഷ്ടിതാവ്, സകലത്തിന്റെയും നിയന്ത്രണം കൈകളിലുള്ളവൻ എത്ര ചെറുതാകാമോ, അത്രയും ചെറുതായി സക്കായിയെന്ന വളർച്ചയിൽ കുറുകിയ മനുഷ്യന്റെ ഭവനത്തിൽ അന്തിയുറങ്ങി.

യേശു എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പായി യേശുവിന്റെ സാന്നിധ്യം കടന്നു വന്നപ്പോൾ തന്നെ പശ്ചാത്താപം ഉണ്ടായ സക്കായി, തന്റെ തെറ്റുകൾ സകലതും ഏറ്റുപറഞ്ഞു. ചതിവായോ, അനർഹമായോ കൈവന്നതായ സകല സമ്പത്തും തിരികെ കൊടുക്കുമെന്നു മാത്രമല്ല, ചതിക്കപ്പെട്ടവരുടെ മനസ്താപത്തിനു നാലു മടങ്ങു മടക്കി കൊടുക്കണമെന്നുള്ള ന്യായപ്രമാണത്തെ അന്വർത്ഥമാക്കി.

കേട്ടുനിന്നവർക്ക്, യേശു ഭവനത്തിൽ വരേണ്ടിയിരുന്നില്ല എന്നു തോന്നിപ്പോകുന്ന തരത്തിലായി കാര്യങ്ങൾ. കാരണം ഒരു ദിവസംകൊണ്ട് സക്കായി, താൻ സമ്പാദിച്ചതും പിതാക്കന്മാർ വഴിയായി കിട്ടിയ സകല സമ്പത്തും

ഒരുമോഹം വന്നു. സമ്പത്തുകൾ കൂട്ടിവച്ചതിലും അധികം സന്തോഷം താൻ ദാഹിച്ചു. കണ്ടുനിന്നവർക്ക് മനസ്സിലാകുവാൻ കഴിയാത്ത മറ്റൊരു ദാഹം കൂടി സക്കായി ദാഹിച്ചു. യേശുവിനെ-ത്തേടി ബദ്ധപ്പെട്ട് ഓടിപ്പോയി കാട്ടത്തിമേൽ വലിഞ്ഞു കയറുന്നു. അതിൽ കുറുകിയവൻ എന്നുള്ള നിസ്സാര ബോധ്യം. ഇനിയും യേശു ഹൃദയത്തിൽ വാഴുവാൻ തുടങ്ങിക്കഴിഞ്ഞു. മഹത്വത്തിന്റെ പാത്രമായി ക്രിസ്തു ഉള്ളിലായിക്കഴിഞ്ഞു.

സക്കായിയുടെ ജീവിതം എന്തൊക്കെയാണ് നമ്മെ പഠിപ്പിക്കുന്നത്?

- യേശുവിനെ കാണുവാനുള്ള വാഞ്ഛ, ശരീരത്തിന്റെ ബലഹീനത എന്ന സാഹചര്യത്തെ പഴിച്ചുകൊണ്ട് മടിച്ചിരിക്കായ്ക, പൊതു മാന്യതയ്ക്കു ക്ഷതം ഏൽക്കും എന്ന് മനസ്സിലാകുമ്പോൾ തന്നെ കാട്ടത്തിമേൽ വലിഞ്ഞു കയറി തന്റെ ആവശ്യബോധത്തെ ചൂണ്ടിക്കാണിക്കുന്നു.

- യേശുവിനോടുള്ള സക്കായിയുടെ അനുസരണ മനോഭാവം. പ്രമാണിയും സമ്പന്നനുമായിരിക്കെ, തന്റെ കീഴിലും തന്നെ അനുസരിക്കുന്നവരുണ്ടായിരിക്കെ, യേശുവിന്റെ വാക്കുകൾക്ക് അനുസരണം കാണിക്കുവാനുള്ള അവന്റെ മനോഭാവം.

- യേശുവിനെ സ്വീകരിക്കുവാനുള്ള സക്കായിയുടെ ആനന്ദം. "ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു" എന്നുള്ള വാഗ്ദത്തം, ഭവനത്തിൽ കൈക്കൊള്ളുക മാത്രമല്ല സക്കായി ചെയ്തത്, അവന്റെ ഹൃദയത്തിൽ കൂടിയായിരുന്നു.

- കർത്താവിനെ സ്വീകരിക്കുവാനുള്ള മനോഭാവം. ഒരുവൻ എന്നെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു, തനിക്കുള്ളതിനെയെല്ലാം വിട്ടു പിരിഞ്ഞു എന്നുള്ള യേശുവിന്റെ കല്പനയെ മനസ്സിലാക്കി സക്കായി പ്രവർത്തിച്ചു.

യഥാർത്ഥമായി മനസ്താപത്തോടെ വന്നവനായിരുന്നു സക്കായി. മനസ്താപം എന്നതോ, നാം കബളിപ്പിച്ചെടുത്തതോ, കള്ള സത്യം ചെയ്തതോ, അന്യായമായി പിടിച്ചതോ, അനർഹമായി വന്നു ചേർന്ന സകലത്തിലും പ്രായശ്ചിത്തം ചെയ്യുക എന്നു കൂടിയാണ്.

മനസ്താപത്തെ കൊണ്ടു ആവശ്യമില്ലാത്തതും തങ്ങളുടേതായ പുറം ചട്ടകളെ പൊളിക്കുവാൻ തയ്യാറാകാത്തതുമായ തൊണ്ണൂറ്റൊൻപത് പരീശന്മാരുടെ മുമ്പിൽ കൂടി സ്വർഗ്ഗത്തെക്കു നോക്കുവാൻ പോലും കഴിയാതെ താൻ ചെയ്ത പാപത്തെക്കുറിച്ചുള്ള ബോധ്യം ഉള്ള സക്കായി നീതീകരിക്കപ്പെട്ടവനായി മാറി.



ബ്രദർ :സാജു ജോൺ മാത്യു

# നിങ്ങൾ പ്രാണനെ സ്നേഹിക്കരുത്



വായനാ ഭാഗം: വെളിപാട് . 12: 7-12.

"അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും
തങ്ങളുടെ സാക്ഷ്യ വചനം ഹേതുവായിട്ടും ജയിച്ചു.
മരണ പര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല."

ഇവിടെ നാം കാണുന്നത്, സ്വർഗ്ഗത്തിൽ ദൈവസന്നിധിയിൽ എത്തി, നമ്മുടെ സഹോദരങ്ങൾക്കെതിരായി അപവാദം പറയുന്ന സാത്താനെയാണ്. ഇയ്യോബിനെ കുറിച്ച് പറഞ്ഞതുപോലെ വിശ്വാസൻമാരുടെ കഴിഞ്ഞ കാല പാപങ്ങളെ കുറിച്ചോ, അവരുടെ അശുദ്ധത്വത്തെ കുറിച്ചോ ഒക്കെയാണ് അപവാദം പറയുന്നത്. എന്നാൽ അവർക്കു നേരെയുള്ള ആദ്യത്തെ അപവാദത്തെ യേശു കർത്താവിന്റെ (കുഞ്ഞാടിന്റെ) രക്തം മുഖാന്തിരമായി ജയിച്ചു. രണ്ടാമത്തെ അപവാദമായ അവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നത് അവരുടെ പ്രാണനെക്കാൾ ഉപരിയായി യേശുവിനെ സ്നേഹിച്ചുകൊണ്ടും മരിക്കേണ്ടി വന്നാലും പിൻമാറുകയില്ല എന്നുള്ള ദൃഢനിശ്ചയത്താലും ജയിച്ചു.

രണ്ടാം നൂറ്റാണ്ടിൽ ഒരു വിശ്വാസിയോട്, ഒരു രാജാവ് ഇപ്രകാരം പറഞ്ഞു നിന്റെ വിശ്വാസത്തെ ത്യജിക്കുക അല്ലെങ്കിൽ നിന്റെ സർവ്വ സമ്പത്തും കണ്ടുകെട്ടപ്പെടും. വിശ്വാസിയായ ആ മനുഷ്യൻ ഇപ്രകാരം പറഞ്ഞു, "രാജാവേ, താങ്കൾക്ക് അതിനു കഴിയുകയില്ല. കാരണം എന്റെ സമ്പത്ത് മുഴുവനും നിക്ഷേപിച്ചിരിക്കുന്നത് സ്വർഗ്ഗത്തിലാണ്." അങ്ങനെയെങ്കിൽ നിന്നെ നാടുകടത്തും എന്നുള്ള വാക്കിനു മുമ്പിൽ വിശ്വാസി ഇപ്രകാരം പറഞ്ഞു, "എവിടെ വേണമെങ്കിലും എന്നെ അയച്ചുകൊള്ളൂ.

യേശു എന്നോടു കൂടെയുണ്ട്." ഇതു കേട്ട രാജാവ്, നിന്നെ കൊന്നു കളയും എന്ന് ആക്രോശിച്ചു. അതിന് ഈ വിശ്വസ്തന്റെ മറുപടി ഇപ്രകാരമായിരുന്നു. "രാജാവേ, കഴിഞ്ഞ നാല്പതു വർഷമായി ഞാൻ മരിച്ച മനുഷ്യനാണ്."

മരണത്തെ ഭയപ്പെടാത്ത ഒരുവൻ ഒരിക്കലും മറ്റൊന്നിനെയും ഭയപ്പെടുകയില്ല. ഈ ലോകത്തിലെ ഒന്നിനും നിരുത്സാഹിപ്പെടുത്തുവാനോ വേർപിരിക്കുവാനോ കഴിയുകയില്ല. സാമ്പത്തിക പരാധീനതകളോ, നല്ല ജോലിയുടെ അപര്യാപ്തതയോ, നല്ല ജീവിത സൗകര്യങ്ങളുടെ കുറവോ, പുറത്താക്കലുകളോ, കൈയേറ്റങ്ങളോ ഏതെങ്കിലും വിധത്തിലുള്ള ഭയപ്പെടുത്തലുകളോ എന്തുതന്നെ എതിരായി പോരാടിക്കൊള്ളട്ടെ. നിങ്ങൾ പ്രാണനെ വിലയേറിയതായി എണ്ണരുത്. പൗലോസ് പറയുന്നു. ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടം തികയ്ക്കുക എന്നു മാത്രമാണ് ലക്ഷ്യം. [അപ്പൊ. 20:24, 21:13]

ഈ കാരണങ്ങളാലാണ് പിശാച് തന്റെ അപവാദങ്ങളിൽ പൂർണ്ണമായും പരാജയം അടയുന്നത്. മീഖായേലും അവന്റെ ദൂതൻമാരും അവനെ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കുന്നു. പ്രധാന ദൂതന്റെ ശക്തികൊണ്ടല്ല പ്രത്യുത കുഞ്ഞാടിന്റെ രക്തം ഹേതുവായും അവരുടെ സാക്ഷ്യം ഹേതുവായും വിജയം സാധ്യമാകുന്നു. അതെ വിശ്വസ്തൻമാർ അവരുടെ പ്രാണനെ കർത്താവിനെക്കാൾ വിലയേറിയതായി എണ്ണിയാൽ പ്രധാന ദൂതന് സാത്താനെ തുരത്തുവാൻ കഴിയുകയില്ല. കർത്താവായ യേശുവിനെക്കാൾ നമ്മുടെ പ്രാണനെയോ മറ്റെന്തിനെയുമോ സ്നേഹിക്കുന്നില്ലായെങ്കിൽ സാത്താനെ ജയിച്ചടക്കുവാൻ നമുക്ക് സാധിക്കും.

പ്രാർത്ഥന:- കർത്താവേ, എന്റെ പാപങ്ങളോടുള്ള സ്നേഹം ഒരു കെണിയാണെന്ന് ഞാൻ അറിയുന്നു. ഞാൻ എന്റെ പാപത്തെ വിലയേറിയതായി എണ്ണുന്നില്ല എന്നുള്ള എന്റെ ഉറപ്പിലൂടെ സാത്താനെ തകർക്കുകയാണ്. എന്തൊക്കെ വന്നു ഭവിച്ചാലും കർത്താവേ ഞാൻ അങ്ങയെ അനുഗമിക്കും. ആമേൻ.

കൂടുതൽ വായനക്കായി:- അപ്പോ. പ്രവൃത്തികൾ 20:22-24,
ലൂക്കോസ്:- 9: 23-27
അപ്പോ: പ്ര. 15:26.

# തിരിഞ്ഞുനോട്ടം

ഞാനൊരു പാപിയാണു ദേവാ
എൻ പാപമെല്ലാം നീ പോക്കിടണേ
ചേറിലാണെന്നുടെ വാസമെങ്കിലും
ചേറിൽ നിന്നെന്നെ നീ വീണ്ടെടുത്തു.

മുപ്പത്തിയെട്ടു വർഷം ഞാനേകനായ്
ബേഥെസ്ദാ കുളക്കരയിൽ കിടന്നു
എന്നുടെ അന്ധത നീക്കിടുവാൻ
എന്നെയും തേടി വന്നണഞ്ഞു.

എന്നുടെ ശാപത്തെ നീക്കിടുവാൻ
ഗദര ദേശത്തു വന്നണഞ്ഞു
എന്നെ മോചിപ്പാൻ നിത്യതയേകുവാൻ
എൻ ചാരെ എൻ താതൻ വന്നണഞ്ഞു.

നാഥാ വഴിപിഴച്ചതും ചിന്തിച്ചതെങ്കിലും
ബെഥാന്യയിൽ നീ എനിക്കായ് വന്നു.
കണ്ണു നീരൊപ്പുവാൻ എന്നെ ഉയിർപ്പിപ്പാൻ
എന്നുമെൻ ചാരത്തെന്നീശനുണ്ട്.



ബെന്നി ജോർജ് മണലി

**ലേഖനം**

ഷിബു ഡാനിയേൽ



# രണ്ടാമത് ആര് ?

വായനാഭാഗം: മത്തായി 18:1-4

"ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു."

വായനാഭാഗം: മത്തായി 18:1-4

"ആ നാഴികയിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ വന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു. അവൻ ഒരു ശിശുവിനെ അടുക്കെ വിളിച്ചു അവരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആകുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു."

ലോക സമ്പ്രദായത്തിന്റെ ത്രാസിൽ വച്ചു ആത്മീയതയെ അളക്കുവാൻ ശ്രമിക്കുന്ന ശിഷ്യന്മാരെയാണ് ഈ വാക്യത്തിലൂടെ നമുക്കു കാണുവാൻ കഴിയുന്നത്. യേശു കർത്താവിനെയും അവന്റെ ഐഹികമല്ലാത്ത രാജ്യത്തെയും കുറിച്ചുള്ള ബോധ്യം വളരെയേറെ ബാലിശമായിരുന്നു ശിഷ്യന്മാർക്ക്. അവരുടെ പല പ്രവൃത്തികളും നമുക്ക് അത് മനസ്സിലാക്കിത്തരുന്നു. നമ്മുടെ വായനാഭാഗം തന്നെ അതിനു തെളിവു നൽകുന്നു.

മത്തായി, മർക്കോസ് സുവിശേഷങ്ങളിൽ ശിഷ്യന്മാരുടെ തർക്ക സംഗതിയെ കുറിച്ച് വിവരിച്ചിരിക്കുന്നു. സെബദി മക്കൾ വന്നു ഒരാൾ ഇടത്തും മറ്റൊരാൾ വലത്തും യേശു കർത്താവിന്റെ രാജ്യത്തിൽ ഇരിക്കുന്നതിനെ ചൊല്ലിയാണ് ഇതിനു ഇടയാക്കിയത്. പ്രവൃത്തികളുടെ പുസ്തകം ഒന്നാം അദ്ധ്യായത്തിൽ യേശു കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുമ്പു വരെയും ഐഹികമായ രാജ്യം സ്ഥാപിക്കുവാനാണ് മശിഹാ കടന്നു വന്നത് എന്ന് അവർ നിരൂപിച്ചു.

യേശു കർത്താവ് ഈ തർക്കത്തിന് മറുപടി നൽകുന്നതു ശ്രദ്ധിക്കുക. "നിങ്ങൾ വിചാരിക്കുന്നതു പോലെ, നിങ്ങൾ കണ്ട ലോക സാമ്രാജ്യങ്ങളുടെ തലവന്മാരെ പോലെയോ ജാതികളുടെ അധിപന്മാരെ പോലെയോ ശുശ്രൂഷ ഏൽപ്പാനോ അവരുടെ മേൽ കർതൃത്വം നടത്തുവാനോ അല്ല മനുഷ്യപുത്രൻ വന്നത്, ശുശ്രൂഷിപ്പാനാണ്, അനേകർക്കു വേണ്ടി ജീവനെ കൊടുപ്പാനാണ്."

ക്രൂശിമരണത്തിനു തൊട്ടുമുമ്പു പീലാത്തോസ് യേശു കർത്താവിനെ തന്റെ ക്രൂശിമരണത്തിൽ നിന്നു ഒഴിവാക്കി തരാമെന്ന വ്യാജേന സംസാരിക്കുമ്പോഴും കർത്താവു പറയുന്നത് "എന്റെ രാജ്യം ഐഹികമല്ല, ആയിരുന്നുവെങ്കിൽ എന്റെ ചേവകർ എനിക്കായി യുദ്ധം ചെയ്യുമായിരുന്നു." [യോഹന്നാൻ 18:36]

നമ്മുടെ ചിന്താവിഷയമായ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര് എന്നുള്ള ചോദ്യം പ്രത്യക്ഷത്തിൽ നമുക്ക് പ്രശ്നമായി തോന്നുന്നില്ലെങ്കിലും അവർക്കറിയേണ്ടത് സ്വർഗ്ഗരാജ്യത്തിൽ ഒന്നാമൻ ആര് എന്നല്ല, മറിച്ച് രണ്ടാമൻ ആര്'? എന്നാണ്.

കർത്താവിന്റെ ഇടപെടൽ ശ്രദ്ധിക്കുക. ഒരു ശിശുവിനെ അരികെ വിളിച്ചിട്ടു പറഞ്ഞു, നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്ഥാനം പോയിട്ടു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്ക പോലുമില്ല.

പ്രിയമുള്ളവരെ, നമ്മുടെ ദൈനംദിന ജീവിതത്തിൽ, ഔദ്യോഗിക മേഖലകളിലും, ആത്മീയ ശുശ്രൂഷകളിലും പലപ്പോഴും ഉണ്ടായിരുന്ന ചോദ്യമല്ലേ ആരാണ് ഇവിടെ രണ്ടാമൻ? ജോലിസ്ഥലങ്ങളിൽ നമുക്ക് അറിയേണ്ടത് ബോസ് കഴിഞ്ഞാൽ

രണ്ടാമത് ആരാണ്? സഭയിൽ പാസ്റ്റർ കഴിഞ്ഞാൽ ആരാണ്? അങ്ങനെ എല്ലാ സ്ഥലങ്ങളിലും നമ്മുടേതായ സ്ഥാനം ഉറപ്പിക്കുവാനുള്ള നെട്ടോട്ടത്തിൽ നാം മറന്നു പോകുന്നതോ മന:പൂർവ്വമായി ഉപേക്ഷിക്കുന്നതോ ആയ ശിശുമനോഭാവം, നിഷ്കളങ്കത, മറ്റുള്ളവരെ എന്നെക്കാൾ ശ്രേഷ്ഠരായി കാണണമെന്നുള്ള ഉപദേശം ഇവയിലേക്കു മടങ്ങി വന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം അസാധ്യമാകും.

ഒരു പക്ഷേ ഇവിടെ സ്ഥാനം ഉറപ്പിക്കുവാൻ കഴിയുമായിരിക്കും. മനുഷ്യരിൽ നിന്നുള്ള മാനത്തെ അധികം ആഗ്രഹിക്കുന്നതുകൊണ്ടു യേശുകർത്താവു പറയുന്നത്, "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല."

തർക്കമോ വാഗ്വാദമോ ഉണ്ടാകില്ല എന്നല്ല പറഞ്ഞു വരുന്നത്. തിരിച്ചറിവിലേക്കു പരിശുദ്ധാത്മാവ് നമ്മെ നയിക്കുമ്പോൾ മടങ്ങി വന്ന് കീഴ്പ്പെടണം. ദൈവമുമ്പാകെ മാത്രമല്ല, നമ്മെക്കാൾ ഉന്നതരായവരുടെ അടുക്കൽ മാത്രമല്ല, എളിയവർക്കും...


ഇത്രേയേറെ തർക്കവും വാഗ്വാദവും ഉണ്ടായിട്ടും പരിശുദ്ധാത്മാവ് ബോധ്യം വരുത്തിയപ്പോൾ പത്രോസ് അപ്പൊസ്തലൻ വിളിച്ചു പറയുന്നത് "അവ്വണ്ണം ഇളയവരെ മൂപ്പന്മാർക്കു കീഴടങ്ങുവിൻ എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു." [1 പത്രോസ്: 5:5].

നിലനിൽക്കാത്ത ഈ നഗരത്തിൽ വലിയവരാകുവാനല്ല, മറിച്ച്, ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി

ശിശുവിനെപ്പോലെ നിഷ്കളങ്ക ഹൃദയത്തോടെ കാത്തിരിക്കാം. ദൈവം ഏവരെയും സഹായിക്കട്ടെ!

പ്രാർത്ഥന: കർത്താവേ, പലപ്പോഴും എന്റെ രണ്ടാം സ്ഥാനം ഉറപ്പിക്കുന്നതിനുള്ള ഓട്ടത്തിനിടയിൽ എന്റെ സഹോദരങ്ങളെ ഒരേ അപ്പത്തിന്റെ അംശികളായവരെ ഞാൻ അവഗണിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ ഗുണത്തേക്കാൾ എനിക്കു എന്താണു ഗുണമെന്നു ഞാൻ അന്വേഷിച്ചു. ഇടയശ്രേഷ്ഠന്റെ പ്രത്യക്ഷതയിൽ നൽകുന്ന തേജസ്സിന്റെ വാടാത്ത കിരീടത്തെക്കുറിച്ചുള്ള ബോധ്യത്തോടെ നടക്കുവാൻ എന്നെ സഹായിക്കണമേ... ആമേൻ..

# കൊച്ചുകുഞ്ഞു ഉപദേശി രചിച്ച ഗാനങ്ങൾ



സർവ്വശക്തൻ യഹോവാ താൻ പരിശുദ്ധൻ പരിശുദ്ധൻ
സാധുക്കൾക്കു സഹായകനും ആദ്യന്തനും നീയല്ലയോ

രോഗികൾക്കു വൈദ്യനും നീ രോഗം നീക്കും, മരുന്നും നീ
ആശ്വാസത്തെ നല്കീടേണം രോഗിയാമീ പൈതലിന്

നിർമ്മലം നീ മാച്ചീടിൽ നൻമ ചിന്ത ആരു നല്കും
തിൻമയെല്ലാം തീർത്തീടേണം കാരുണ്യങ്ങൾ ശോധിപ്പാനായി

സർവ്വശക്തൻ യഹോവയെ കോപിക്കുന്ന സാധുക്കളിൽ
ദൈവമേ നീ നൽകണം ആത്മസാന്നിധ്യം കണ്ടെത്തുവാൻ

ശത്രുക്കൾ പെരുകുന്ന സത്യാത്മാവേ നൽകേണം
ദൈവ പുത്രാ കൃപ താ നീ സത്യാത്മാവിൽ മോദിച്ചീടാൻ.

# ചോദ്യാവലി



i. തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കുകൊണ്ടു നീ അവനു എന്തു പേരു നല്കേണം എന്നാണു ദൂതൻ യോസേഫിനോടു പറഞ്ഞത്?

ii ലോകചരിത്രത്തിൽ ആദ്യമായി രാജാവായിട്ടു പിറന്നവൻ?

iii സർവ്വജനത്തിനും ഉണ്ടാവാനുള്ളൊരു മഹാസന്തോഷം കർത്താവിന്റെ ദൂതൻ ഇടയന്മാരെ അറിയിച്ചു. എന്തായിരുന്നു ആ മഹാസന്തോഷം?

കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

i. തിബെര്യോസ് കൈസരുടെ വാഴ്ചയുടെ എത്രാമത്തെ വർഷമാണ് യോഹന്നാൻ സ്നാപകൻ ശുശ്രൂഷ ആരംഭിക്കുന്നത്?

ഉത്തരം: പതിനഞ്ചാം ആണ്ടിൽ (ലൂക്കോസ്-3:1)

ii എനിക്കു ഒരു പുരുഷസന്താനത്തെ നല്കിയാൽ എന്തൊക്കെ നല്കാമെന്നാണ് ഹന്നാ ദൈവത്തോട് നേർച്ച നേർന്നത്?


ഉത്തരം: ജീവപര്യന്തം യഹോവയ്ക്കായി അവനെ സമർപ്പിക്കും അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല. (1 ശമുവേൽ 1:11)

iii യഹോവ ശമുവേലിനോട്; അവന്റെ മുഖമോ പൊക്കമോ നോക്കരുത്; ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യൻ നോക്കുന്നതു പോലെയല്ല, മനുഷ്യൻ കണ്ണിനു കാണുന്നതു -

നോക്കുന്നു. യഹോവയോ ഹൃദയത്തെ നോക്കുന്നു.
ഇത് ആരെക്കുറിച്ചാണ് യഹോവ ശമുവേലിനോട് പറഞ്ഞത്?

ഉത്തരം: യിശ്ശായിയുടെ മകൻ എലിയാബിനെ കുറിച്ച്.
(1 ശമുവേൽ 16: 6-7)

ഉത്തരങ്ങൾ അയക്കേണ്ട വിലാസം
agape.magasine@gmail.com





*follow us:*

+971 50 3243161 Gmail agape.magasine@gmail.com http://www.facebook.com/pages/Agape-Magasine

web : www.agapemagazine.com